"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നംകുളം നഗരസഭയിൽ ആഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രാജു.സി.ടി.- സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.125/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/01/2020

---

പരാമർശം:- 1 14/11/2019 തീയതിയിലെ സ.ഉ.(സാധാ) നം.2573/2019/തസ്വഭവ.

2 ശ്രീ.രാജു.സി.ടി യുടെ (ഓഫീസ് അറ്റൻഡന്റ്, കുന്നംകുളം നഗരസഭ) 15/11/2019 തീയതിയിലെ അപേക്ഷ.

3 നഗരകാര്യ ഡയറക്ടറുടെ 23/12/2019 തീയതിയിലെ വി3-24975/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കുന്നംകുളം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.രാജു.സി.ടി, നഗരസഭയുടെ കാമ്പയിനുകളെയും മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെയും പരിഹസിക്കുന്ന രീതിയിൽ നവ മാധ്യമങ്ങളിൽ നിരന്തരം പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്ന സാഹചര്യത്തിൽ, ടിയാനെ KCS&CCA Rule 10(1)(a), 1960 പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) അറിവില്ലായ്മമൂലം സംഭവിച്ച പിഴവ് മാപ്പാക്കണമെന്നും മേലിൽ തന്റെ ഭാഗത്തുനിന്നും യാതൊരുവിധ പെരുമാറ്റദൂഷ്യമോ അച്ചടക്കമില്ലായ്മയോ ഉണ്ടാകില്ലായെന്നും ആയതിനാൽ തന്റെ പേരിലുള്ള അച്ചടക്കനടപടികൾ അവസാനിപ്പിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്നുള്ള ശ്രീ.രാജു.സി.ടി യുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ, പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KCS&CCA റൂൾ പ്രകാരമുള്ള അച്ചടക്ക നടപടി തുടരുന്നതാണ് എന്ന

വ്യവസ്ഥയോടെ ശ്രീ.രാജു.സി.ടി യുടെ സസ്പെൻഷൻ പിൻവലിച്ച സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.രാജു.സി.ടി, ഓഫീസ് അറ്റൻഡന്റ്, കുന്നംകുളം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ